## യാത്രാ മൊഴികൾ

ചിപ്പിതൻ നെഞ്ചിലൊരു പവിഴമായ്,
ജന്മമെടുത്ത മുഗ്ദ നൈർമ്മല്യമേ;
സൃഷ്ടിതൻ പൂർണ്ണരൂപത്തിലെത്തവേ-
വേർപിരിയുന്നുവോ നിന്നുറവിടം.

നിയതിതൻ നീർക്കയത്തിലൊളിക്കാൻ,
വൃഥാ ശ്രമിക്കുന്നിവിടെ മാനവൻ;
ആവില്ല നിറവേറുന്നു പ്രപഞ്ചസത്യം,
വിധി തൻ കയ്യിലെ കരുക്കൾ നമ്മൾ.

വിശുദ്ധിതൻ പ്രതീകമാം വെണ്മയായ്,
മിന്നി മിന്നി തിളങ്ങുന്ന മുത്തേ;
അറിഞ്ഞീലറിവിലെനിക്കെൻ മനം,
അറിയാതെയെന്നിൽ പിറന്നതല്ലെ.

ചിപ്പിയെ വേർപെടും പവിഴമേ നീ,
കേട്ടുവൊ, കരളിലെ അപശ്രുതികൾ;
അകലെക്കു നീങ്ങുന്നു നിന്നെ നോക്കി-
വിതുമ്പുന്നു മൗനമായ് എന്റെ കുഞ്ഞേ.

കണ്ണിൽ നിന്നൊഴുകുമീ കണങ്ങളെല്ലാം,
പ്രാണനിൽ പുണ്യങ്ങൾ ഏകിടട്ടെ,
നെഞ്ചിൽ നിന്നുതിരുമീ നെടുവീർപ്പുകൾ,
വിടരട്ടെ പാതയിൽ പുഷ്പങ്ങളായ്.

ജീവിത ഭാരങ്ങൾ തോളിലേറ്റി,
അത്താണി കാണാതുഴറുമ്പഴും,
ഊഷരഭൂമിയിൽ അതിവർഷമായ്-
തീരട്ടെൻ പ്രാർത്ഥന മധുമാരിയായ്.



ജീവന്റെ ഭാഗമായ് എന്നിൽ തന്നെ,
ഒളിമിന്നി നിൽക്കുമെൻ വെൺകുരുന്നേ,
ഏകയായ് നീ യാത്ര പുറപ്പെടുമ്പോൾ,
നേരട്ടെ ഭാവുകം കാവലായി.

നൽകട്ടെ ഒരു മുത്തം തിരുനെറ്റിയിൽ,
നേരുന്നു ദീർഘമാം ആയുസ്സിനായി,
സൗഖ്യവും ഭവിക്കട്ടെയെന്നുമെന്നും,
അർത്ഥിക്കുന്നതിനായ് എല്ലായ്പോഴും.